(എ) കെ.എസ്.ആർ.ടി.സി.-യുടെ എത്ര സ്റ്റേ ബസ്സുകളാണ് കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ നിർത്തലാക്കിയത്;

(ബി) സ്റ്റേ ബസ്സുകൾ വ്യാപകമായി നിർത്തലാക്കിയതിനെത്തുടർന്ന് യാത്രക്കാർക്കുണ്ടായിരുന്ന യാത്രാദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പത്തനംതിട്ട ഗ്യാരേജിൽനിന്നും പുറപ്പെട്ടിരുന്ന വെച്ചൂച്ചിറ, പെരിനാട് സ്റ്റേ ബസ്സുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പത്തു രൂപയിൽ താഴെ ഇ.പി.കെ.എം.ഉള്ള 87 സ്റ്റേ ട്രിപ്പുകൾ നിർത്തലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. ഇതിനു പരിഹാരമായി സ്റ്റേ ട്രിപ്പുകളുടെ സമയത്തിൽ മാറ്റം വരുത്തിയും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലും കോർപ്പറേഷന് ലാഭകരമായ രീതിയിലും അതിരാവിലേയും രാത്രിയിലും സർവ്വീസ് നടത്തുന്നുണ്ട്.

(സി) പെരിനാട് സർവ്വീസ് ആരംഭിച്ചുകഴിഞ്ഞു. വെച്ചൂച്ചിറ സ്റ്റേ സർവ്വീസ് പുനരാരംഭിക്കാൻ തൽക്കാലം ഉദ്ദേശമില്ല.

കെ.എസ്.ആർ.ടി.സി. വാങ്ങിയ വിവിധ സ്പെയർ പാർട്ടുകൾ

75 [5631] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. എത്ര രൂപയുടെ സ്പെയർപാർട്ടുകൾ ഏതു കമ്പനികളിൽനിന്നും വാങ്ങിയിട്ടുണ്ട്; വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) ഇതിനായി എത്ര തുക കൊടുത്തുതീർത്തിട്ടുണ്ട്; എത്ര തുക കൊടുത്തു തീർക്കാനുണ്ട്;

(സി) ഏതെല്ലാം ടയറും ട്യൂബും ഉൾപ്പെടെ സ്പെയർപാർട്ടുകൾ എത്ര വീതം ഏതു കമ്പനി സാധനങ്ങൾ, എത്ര രൂപാ നിരക്കിൽ വാങ്ങിയിട്ടുണ്ട്; സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ പഴകിയ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ വിൽപ്പന നടത്തിയിട്ടുണ്ട്; ഓരോ ബസ്സും എത്ര രൂപയ്ക്കാണ് വിറ്റത്; സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഇ) ഈ സർക്കാർ വന്നശേഷം കെ.എസ്.ആർ.ടി.സി. എത്ര രൂപയ്ക്ക് ഏതു കമ്പനി പെയിന്റുകൾ, തടികൾ, ബാറ്ററികൾ തുടങ്ങിയവ വാങ്ങിയിട്ടുണ്ട്; വിശദവിവരമടങ്ങിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ടയറും ട്യൂബും വാങ്ങിയ കമ്പനികളുടെ പേരും വാങ്ങിയ നിരക്കും താഴെ കൊടുക്കുന്നു:

	2001-02		2002-03		2003-04	
	ടയർ	ട്യൂബ്	ടയർ	ട്യൂബ്	ടയർ	ട്യൂബ്
	(രൂപ)		(രൂപ)		(രൂപ)	
അപ്പോളോ	4,895	460	4,600	440	4,850	440
ബിറ്റൽ	5,220	495	4,905	475	..	..
എം.ആർ.എഫ്.	5,000	475	5,000	475	4619	450
വിക്രാന്ത്	..	..	13,317 (റേഡിയൽ)	813	2736	290
മിച്ചിഗൺ	..	..	4,750	490	..	..

സ്പെയർപാർട്ടുകളുടെ വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) 547 ബസ്സുകൾ വിൽപ്പന നടത്തിയിട്ടുണ്ട്. ഓരോ ബസ്സിനും ശരാശരി 36,118 രൂപ ലഭിച്ചിട്ടുണ്ട്.

(ഇ) പെയിന്റ്	2001-02	2002-03	2003-04
ഷാലിമാർ	5,70,285	..	..
പെയിസൺ	78,786	3,85,265	70,825
ബെർജർ	12,45,161	23,20,479	90,428
പ്രീമിയർ	1,35,283	..	..
സ്വരാജ്	46,500	..	..
നെരോലാക്ക്	..	93,800	..
ബാറ്ററി	**2001-02**	**2002-03**	**2003-04**
എക്സൈഡ്	53,81,938	99,52,574	21,41,299

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തടികൾ വാങ്ങിയിട്ടില്ല.

ബസ്സുകളുടെ അറ്റകുറ്റപ്പണികൾ

76 [5632] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, ഡി. സുഗതൻ:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് വേണ്ടി വാങ്ങുന്ന പുതിയ ബസ്സുകളുടെ അറ്റകുറ്റപ്പണികൾ അവ നിർമ്മിക്കുന്ന കമ്പനിക്കാരെതന്നെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly